# തദ്ദേശസ്വയംഭരണ വകുപ്പ്

# ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം

## ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ ജോൺസൻ കെ)

വിഷയം : തസ്വഭവ ( LID & EW) ജീവനക്കാര്യം — ഹെഡ് ക്ലർക്ക് തസ്തികയിലെ സ്ഥലംമാറ്റം, സീനിയർ ക്ളർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ളർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം എന്നിവ നല്കി ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017
2) സ.ഉ(പി) നം. 27/2021/ഫിൻ തീയതി 10.02.2021
3) 10.09.2021-ലെ എ1-1001/13/സിഇ/തസ്വഭവ (വാല്യം III) നമ്പർ സീനിയർ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക
4) സ.ഉ(പി) നം. 42/2010/ഉഭപവ തീയതി 20.12.2010

## ഉത്തരവ് നം .എ1-5930/2017/സിഇ/തസ്വഭവ (Vol. II) തീയതി 04.10.2021

തദ്ദേശ സ്വയംഭരണ വകുപ്പ് (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം) ത്തിൽ നിലവിൽ ഹെഡ് ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരെ ഈ കാര്യാലയത്തിൽ ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിലും ഭരണസൌകര്യാർത്ഥവും അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് , പെൻ, നിലവിൽ ജോലിചെയ്യുന്ന ഓഫീസും | സ്ഥലംമാറ്റി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ. ഡേവിസ് എം.ഒ (പെൻ 587089)<br>ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW)<br>തിരുവനന്തപുരം | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>അങ്കമാലി ബ്ലോക്ക്പഞ്ചായത്ത്<br>എറണാകുളം |
| 2 | ശ്രീ വിനോദ് കുമാർ എൻ പി (പെൻ 441174)<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>റാന്നി ബ്ലോക്ക്പഞ്ചായത്ത്<br>പത്തനംതിട്ട | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്<br>തൃശ്ശൂർ |
| 3 | ശ്രീ വിജയൻ എം (പെൻ 440686)<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്<br>തൃശ്ശൂർ | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>ഒറ്റപ്പാലം ബ്ലോക്ക്പഞ്ചായത്ത്<br>പാലക്കാട് |
| 4 | ശ്രീ ഷാജഹാൻ എം എസ് (പെൻ 429631)<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ(LID & EW)<br>വാമനപുരം ബ്ലോക്ക്പഞ്ചായത്ത്<br>തിരുവനന്തപുരം | ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW)<br>തിരുവനന്തപുരം |

ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർ വിരമിച്ചതിലൂടെ ഈ വകുപ്പിൽ നിലവിൽ വന്ന ഹെഡ് ക്ലർക്ക് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ നിന്ന് സീനിയർ മോസ്റ്റായ ജീവനക്കാർക്ക്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ഭാഗം II ചട്ടം 28(a) (i) പ്രകാരം ₹ 39300-83000/- രൂപ ശമ്പളസ്കെയിലിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നല്കി താഴെപ്പറയും പ്രകാരം അവരവരുടെ പേരിനു നേർക്ക് ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോരിറ്റി നം (സീനിയർ ക്ലർക്ക്) | പേര്,പെൻ, നിലവിൽ ജോലിചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 73 | ശ്രീ നാസർ എ (പെൻ 693809)<br>സീനിയർ ക്ലർക്ക്<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശ സബ് ഡിവിഷൻ (LID & EW)<br>ഏറ്റുമാനൂർ ബ്ലോക്ക്പഞ്ചായത്ത്<br>കോട്ടയം | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ (LID & EW)<br>റാന്നി ബ്ലോക്ക്പഞ്ചായത്ത്<br>പത്തനംതിട്ട |
| 2 | 85 | ശ്രീ. നന്ദകുമാർ പി എം (പെൻ 425444)<br>സീനിയർ ക്ലർക്ക്<br>എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ<br>(LID & EW) വയനാട്. | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ സബ് ഡിവിഷൻ (LID & EW)<br>വാമനപുരം ബ്ലോക്ക്പഞ്ചായത്ത്<br>തിരുവനന്തപുരം |

പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടി സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷ സേവനകാലയളവിലെ ഒരു വർഷ കാലയളവ് പ്രൊബേഷൻ കാലയളവായി നിജപ്പെടുത്തിയിട്ടുണ്ട്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ/ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, നിയമിക്കപ്പെട്ട ഓഫീസുകളിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

**ചീഫ് എഞ്ചിനീയർ**

**അംഗീകാരത്തോടെ**

**ജൂനിയർ സൂപ്രണ്ട്**

പകർപ്പ്:
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ/ തിരുവനന്തപുരം /പത്തനംതിട്ട/കോട്ടയം/എറണാകുളം /തൃശ്ശൂർ/ പാലക്കാട് /വയനാട്.
3) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ വാമനപുരം/റാന്നി/ഏറ്റുമാനൂർ/ അങ്കമാലി/ചൊവ്വന്നൂർ /ഒറ്റപ്പാലം.
4) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
5) എ1 / ഇ8 സെക്ഷൻ/കരുതൽ / സ്റ്റോക്ക് ഫയൽ